




# S. N. TRUST H S S

## CHERIYANAD

# ACADEMIC MASTER PLAN

## 2025 -2026

സാധാരണക്കാരുടെ ആശാകേന്ദ്രങ്ങളായ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനുള്ള വിദ്യാഭ്യാസ മന്ത്രിയുടെയും സർക്കാരിന്റെയും പരിശ്രമത്തിൽ ചെറിയനാട് ശ്രീനാരായണ ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂളും പങ്കുചേരുന്നു. ഈ സരസ്വതി ക്ഷേത്രത്തെ ചെറിയ നാടിന്റെ വിദ്യാഭ്യാസ നഭോ മണ്ഡലത്തിലെ ശുഭ്രനക്ഷത്രമാക്കാനുള്ള വിദ്യാഭ്യാസ മാർഗരേഖ പൊതുജന സമക്ഷം വിനയപൂർവ്വം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

ലേഖ സുനിൽ
പ്രിൻസിപ്പാൾ

സൈദ കെ.
ഹെഡ്മിസ്ട്രസ്

സീമ ശ്രീകുമാർ
പി.ടി.എ. പ്രസിഡന്റ്

സുമ കെ. എസ്.
സ്റ്റാഫ് സെക്രട്ടറി

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | - | ശ്രീനാരായണ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, ചെറിയനാട് |
| 2. | വിലാസം | - | നെടുവരംകോട് പി.ഒ., ചെറിയനാട്, ചെങ്ങന്നൂർ<br>പിൻ 689 508<br>ഫോൺ. 0479 2362716, 2362920 |
| 3. | സ്കൂൾ കോഡ് | - | 36072 |
| 4. | റവന്യൂ ജില്ല | - | ആലപ്പുഴ |
| 5. | വിദ്യാഭ്യാസ ജില്ല | - | മാവേലിക്കര |
| 6. | വിദ്യാഭ്യാസ ഉപജില്ല | - | ചെങ്ങന്നൂർ |
| 7. | ആർ.ഡി.ഡി. ഓഫീസ് | - | ചെങ്ങന്നൂർ |
| 8. | ബി.ആർ.സി. | - | ചെങ്ങന്നൂർ |
| 9. | സി.ആർ.സി. | - | ജെ.ബി.എസ്., ചെറിയനാട് |
| 10. | ഗ്രാമപഞ്ചായത്ത് | - | ചെറിയനാട് |
| 11. | ബ്ലോക്ക് പഞ്ചായത്ത് | - | ചെങ്ങന്നൂർ |
| 12. | ജില്ലാ പഞ്ചായത്ത് | - | ആലപ്പുഴ |
| 13. | നിയമസഭാ മണ്ഡലം | - | ചെങ്ങന്നൂർ |
| 14. | ലോകസഭാ മണ്ഡലം | - | മാവേലിക്കര |
| 15. | താലൂക്ക് | - | ചെങ്ങന്നൂർ |
| 16. | വില്ലേജ് | - | ചെറിയനാട് |
| 17. | ഇ-മെയിൽ | - | snthsschengannur@gmail.com<br>sntrust.hs@gmail.com |

## ഉള്ളടക്കം


✧ ആമുഖം

✧ അടിസ്ഥാന വിവരങ്ങൾ

✧ കാഴ്ചപ്പാട്

✧ പൊതുലക്ഷ്യങ്ങൾ

✧ സ്കൂൾ ആർജ്ജിച്ച നേട്ടങ്ങൾ

✧ സ്കൂളിലെ സവിശേഷതകൾ

✧ സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

✧ പദ്ധതി രൂപീകരണ പ്രക്രിയ

✧ മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

✧ വികസനരേഖ

- അക്കാദമികം
- ഭൗതികം
- സാമൂഹികം

✧ പ്രതീക്ഷിത നേട്ടങ്ങൾ

✧ മോണിറ്ററിംഗ്

✧ ഉപസംഹാരം

# ആമുഖം

ലോകാരാധ്യനായ ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ആലപ്പുഴ ജില്ലയിലെ ചെറിയനാട് പഞ്ചായത്തിൽ ആണ് ഞങ്ങളുടെ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഏറെ ചരിത്ര പ്രാധാന്യമുള്ള ചെറിയനാട് പുരാതനകാലത്ത് നാലുവശവും കാടുകൾ നിറഞ്ഞ പ്രദേശം ആയിരുന്നു. പ്രസിദ്ധമായ ബാലസുബ്രഹ്മണ്യ ക്ഷേത്രം, ആദ്യ സമ്പൂർണ്ണ വ്യവഹാര രഹിത ഗ്രാമപഞ്ചായത്ത് എന്നിവ ഈ പഞ്ചായത്തിന് ചരിത്രത്തിലിടം നൽകുകയുണ്ടായി. കലാലയത്തിൽ നിന്ന് പ്രീഡിഗ്രി വിദ്യാഭ്യാസം വേർപെടുത്തിയപ്പോൾ എസ്. എൻ. കോളേജിന്റെ സമീപത്തെ സാധാരണക്കാരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് നിറച്ചാർത്ത് നൽകി ഞങ്ങളുടെ വിദ്യാലയം പ്രവർത്തനം ആരംഭിച്ചു. ഇന്ന് ഞങ്ങളുടെ വിദ്യാലയം വളർച്ചയുടെ പടവുകൾ അതിവേഗം പിന്നിട്ട് എസ്. എൻ. ട്രസ്റ്റിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു എസ്.എൻ.ഡി.പി. യോഗം / എസ്. എൻ. ട്രസ്റ്റ് സ്ഥാപനങ്ങളുടെ ആദരണീയനായ ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ അവർകളാണ് ഞങ്ങളുടെ സ്ഥാപനത്തിന്റെ മാനേജർ. അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള വിദ്യാഭ്യാസ രംഗത്തെ കാഴ്ചപ്പാടുകൾ ഞങ്ങളുടെ സ്കൂളിനെ കേരളത്തിലെ മറ്റ് സ്കൂളുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. എസ്.എൻ.ഡി.പി. യോഗം / എസ്.എൻ. ട്രസ്റ്റ്വിദ്യാഭ്യാസ സെക്രട്ടറി ബഹുമാനപ്പെട്ട ശ്രീ ബാബുസാറിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ഞങ്ങളുടെ സ്കൂളിന്റെ മുമ്പോട്ടുള്ള പ്രയാണത്തെ നയിക്കുന്നു. ഡോ. എ.വി. ആനന്ദ രാജ് ചെയർമാനും ശ്രീ. അനിൽ പി. ശ്രീരംഗം കൺവീനറുമായ ചെങ്ങന്നൂർ ആർ.ഡി.സി. സ്കൂളിന്റെ വികസന സ്വപ്നങ്ങൾക്ക് നിറം പകരുന്നു.

എച്ച്. എം. സൈദ ടീച്ചറിന്റെ നേതൃത്വത്തിൽ സ്കൂൾ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം, വിദ്യാഭ്യാസ അവകാശ നിയമം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിരേഖ.

2003ൽ എച്ച്. എസ്. വിഭാഗമായി സ്കൂൾ പ്രവർത്തനം ആരംഭിച്ചത് ആല എസ്.എൻ. കോളേജിന്റെ ക്ലാസ് മുറികളിൽ ആയിരുന്നു. 2004ൽ എച്ച്. എസ്.എസ്. വിഭാഗം ആരംഭിച്ചപ്പോൾ സ്കൂൾ താൽക്കാലിക കെട്ടിടത്തിലേക്ക് മാറ്റി. പുതിയ വിദ്യാലയത്തിന്റെ പരിമിതികൾ ഉണ്ടായിരുന്നുവെങ്കിലും വളരെ വേഗം തന്നെ ചെങ്ങന്നൂർ ഉപജില്ലയിലെ പ്രമുഖ സ്കൂളുകളിൽ ഒന്നായി മാറി. ഇന്ന് സ്കൂളിൽ 8, 10 ക്ലാസുകളിൽ രണ്ടു ഡിവിഷൻ വീതവും ഒമ്പതാം ക്ലാസിൽ ഒരു ഡിവിഷനും ആയി പ്രവർത്തിക്കുന്നു. പാഠ്യപ്രവർത്തനങ്ങൾക്ക് ഒപ്പം പാഠ്യേതര പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടക്കുന്ന വിദ്യാലയം ആണ് ഞങ്ങളുടെത്. ജൂനിയർ റെഡ് ക്രോസ്, എൻ.സി.സി., വിവിധതരം ക്ലബ്ബുകൾ തുടങ്ങിയവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികളിൽ അച്ചടക്കവും സേവനമനോഭവവും മൂല്യബോധവും വളർത്താൻ ഈ ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ കഴിയുന്നു.

## അടിസ്ഥാനവിവരങ്ങൾ

2025-26 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

എച്ച്. എസ്. വിഭാഗം.

| ക്ലാസ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
|---|---|---|---|
| 8 | 16 | 21 | 37 |
| 9 | 20 | 21 | 41 |
| 10 | 34 | 19 | 53 |
| | 70 | 61 | 131 |

പ്രഥമ അധ്യാപിക – 1

അധ്യാപകർ

| | |
|---|---|
| Male | 1 |
| Female | 6 |

അനധ്യാപകർ

| | |
|---|---|
| Male | 3 |
| Female | 1 |

സ്കൂൾ പരീക്ഷാഫലം

| SSLC | വിജയശതമാനം |
|---|---|
| 2023-24 | 100% |
| 2024-25 | 100% |

**A+**

| | |
|---|---|
| 2023-24 | 9 |
| 2024-25 | 16 |

## കാഴ്ചപ്പാട്

വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ശ്രീനാരായണ ഗുരുദേവന്റെ വചനങ്ങളിലും "ഒരു ശിശുവിന്റെ ശരീരത്തിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതിനാണ് വിദ്യാഭ്യാസം എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടിലും അധിഷ്ഠിതമായ വിദ്യാലയ സങ്കല്പമാണ് ഞങ്ങളുടെത്.

ആചാര്യത് പാദമാദത്തേ
പാദം ശിഷ്യ സ്വമേധയാ
പാദം സ ബ്രഹ്മചാരിഭ്യ
പാദം കാലക്രമേണ ച

ഒരു വിദ്യാർത്ഥി തന്റെ അറിവിന്റെ നാലിൽ ഒന്ന് അധ്യാപകരിൽ നിന്നും നാലിൽ ഒന്ന് ബൗദ്ധിക അധ്വാനത്തിൽ നിന്നും നാലിലൊന്ന് സഹപാഠികളിൽ നിന്നും നാലിലൊന്ന് സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്നും ആർജ്ജിക്കുന്നുവെന്ന് ഭാരതീയ പാരമ്പര്യസങ്കൽപ്പത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ആണ് ഞങ്ങളുടെ വിദ്യാഭ്യാസത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അതിന് ആവശ്യമായ പാഠ്യ അനുബന്ധ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തോടെ സ്കൂളിൽ ആവിഷ്കരിക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പകർന്ന് നൽകാനും ശുചിത്വം, സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കാനും ഉള്ള സാഹചര്യങ്ങൾ ഒരുക്കുക,
പെൺകുട്ടികൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അവരുടെ വ്യക്തിത്വ വികസനത്തിന് ഉള്ള അവസരങ്ങൾ ഒരുക്കുക. ഓരോ ക്ലാസിലും ഓരോ കുട്ടിയും ആർജ്ജിക്കേണ്ട അറിവുകൾ സ്വായത്തമാക്കാനുള്ള അവസരം ഒരുക്കുക സമൂഹത്തിന്റെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക വഴി സാമൂഹ്യ പ്രതിബദ്ധത ഉള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുക, ജൈവ വൈവിധ്യ പാർക്കുകൾ, പരിസ്ഥിതി സംരക്ഷണ പരിപാടികൾ എന്നിവയിലൂടെ പരിസ്ഥിതി സൗഹൃദ വിദ്യാലയ സങ്കല്പം പ്രാവർത്തികമാക്കുക, ആധുനിക ജീവിത സാഹചര്യങ്ങളോടെ മത്സരിക്കാനുള്ള ശേഷി വളർത്തിയെടുക്കുക, ഉന്നതമായ പരീക്ഷകളിൽ ഉന്നതമായ വിജയം കൈവരിക്കാൻ കഴിയുന്ന തരത്തിൽ ഓറിയന്റേഷനുകളും പരിശീലനവും നൽകുന്ന കേന്ദ്രമായി വിദ്യാലയത്തെ പരിവർത്തനം ചെയ്യുക, മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തി ലഹരിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഞങ്ങളുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്.

**പൊതുലക്ഷ്യങ്ങൾ**

1. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക
2. ഓരോ വിദ്യാർത്ഥിയും അവർ ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട അറിവുകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തന കലണ്ടർ രൂപപ്പെടുത്തുക
3. പരിസ്ഥിതി സൗഹൃദ വിദ്യാലയം സ്ഥാപിക്കുക
4. ആധുനിക ഡിജിറ്റൽ ലൈബ്രറി, ലബോറട്ടറി എന്നിവ സ്ഥാപിക്കുക.

5. കൗൺസിലിംഗ് സൗകര്യം ലഭ്യമാക്കുക
6. ലഹരി വിരുദ്ധ മനോഭാവം വളർത്തുക
7. വിദ്യാലയത്തിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക
8. പാർശ്വവത്കരിക്കപ്പെടുന്നവർക്ക് പ്രത്യേക പരിഗണന നൽകുക
9. ജൈവ കാർഷിക സംസ്കാരം വളർത്തിയെടുക്കുക.
10. കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക്പരവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക
11. കലാകായിക സമഗ്ര വിദ്യാഭ്യാസ ഉറപ്പാക്കൽ.
12. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംസ്കരിക്കുന്നതും ഒരു ശീലമായും ജീവിത രീതിയായും മാറ്റാനുള്ള പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുക.
13. ജലദൗർലഭ്യം മുൻകൂട്ടി കണ്ട് ജലം ദുർവിനിയം ചെയ്യാതിരിക്കുന്നതിനും സംരക്ഷിക്കുന്നതിനുള്ള പദ്ധതി

## സ്കൂൾ ആർജ്ജിച്ച നേട്ടങ്ങൾ

* 2012 മുതൽ എസ്.എസ്.എൽ.സി.ക്ക് 100% വിജയം
* തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ സഞ്ജയ് സുനിൽ മികച്ച വിജയം നേടി.
* വിദ്യാരംഗം കലാ സാഹിത്യവേദിയുടെ അഭിനയ പ്രതിഭയ്ക്കുള്ള ഒന്നാം സ്ഥാനം മാളവിക ശ്രീകുമാർ നേടി.
* ഗാന്ധി ക്വിസ് മത്സരത്തിൽ പങ്കെടുത്ത കുട്ടികൾ വിജയികളായി.
* പ്രവർത്തി പരിചയമേളയിൽ പങ്കെടുത്ത കുട്ടികൾക്ക് എ ഗ്രേഡ് ലഭിച്ചു.

## സ്കൂളിലെ സവിശേഷതകൾ

* ഡിജിറ്റൽ ക്ലാസ് മുറികൾ
* എൻ.സി.സി., ജെ.ആർ.സി. തുടങ്ങിയ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ്
* ഫുട്ബോൾ കോർട്ട്
* ടീൻസ് ക്ലബ് * ജാഗ്രത സമിതി എന്നിവയുടെ നേതൃത്വത്തിലുള്ള കൗൺസിലിംഗ് ക്ലാസുകൾ * സെമിനാറുകൾ * ഡിബേറ്റുകൾ
* വിവിധ സ്ഥലങ്ങളിലേക്ക് സ്കൂൾ ബസ് സൗകര്യം
* യൂത്ത് ഫെസ്റ്റിവൽ, സയൻസ്, സാമൂഹ്യശാസ്ത്ര പ്രവർത്തി പരിചയമേള എന്നിവയിൽ പങ്കെടുക്കാനുള്ള പ്രത്യേക പരിശീലനം.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

1 ഞങ്ങളുടെ സ്കൂൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി യാത്രാ സൗകര്യത്തിന്റെ അഭാവമാണ്. കിലോമീറ്റർ നടന്ന് ആണ് വിദ്യാർത്ഥികൾ സ്കൂളിൽ എത്തുന്നത്.

2 ഞങ്ങളുടെ സ്കൂൾ അഭിമുകീകരിക്കുന്ന രണ്ടാമത്തെ പ്രതിസന്ധി ജല ദൗർലഭ്യം ആണ്. വാട്ടർ കണക്ഷൻ, ബോർവെൽ സംവിധാനങ്ങൾ ഉണ്ടെങ്കിലും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ജല ദൗർലഭ്യം വളരെ രൂക്ഷമാണ്.

3 ഞങ്ങളുടെ സ്കൂൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നമാണ് ആവശ്യത്തിന് ശുചിമുറികൾ ഇല്ലാത്തത്.

4 സ്കൂളിന് നല്ല ഒരു ലൈബ്രറി, ലബോറട്ടറി, എല്ലാ സൗകര്യങ്ങളോടുകൂടിയ ഐറ്റി ലാബ് എന്നിവയുടെ പോരായ്മ.

5. ചുറ്റുമതിൽ ഇല്ലാത്തത് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഒരു കവാടം ഇല്ലാത്തതും ഒരു പോരായ്മയാണ്. ഓഡിറ്റോറിയം, വാഹനഷെഡ് ഇവ നിർമ്മിക്കേണ്ടതുണ്ട്.

6. കലാകായിക അധ്യാപകരുടെ അഭാവം വലിയ ഒരു പ്രതിസന്ധിയായി നമ്മുടെ മുന്നിലുണ്ട്.

## പദ്ധതിരൂപീകരണ പ്രക്രിയ

**നവംബർ 22-ാം തീയതി**

1. സ്കൂൾതല എസ്.ആർ.ജി. യോഗത്തിൽ എസ് എൻ ട്രസ്റ്റ് എച്ച്.എസ്.എസ്. ചെറിയനാട്
2. സ്കൂൾ വികസന ആവശ്യങ്ങൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. വിഷയാടിസ്ഥാനത്തിലുള്ള മാർഗ്ഗരേഖ ചർച്ച ചെയ്യൽ.
4. ചർച്ചയിൽ വന്ന നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള 5 അംഗ കമ്മിറ്റി രൂപീകരണം
5. കമ്മിറ്റി നിർദ്ദേശങ്ങൾ വിശദമായി വിശകലനം ചെയ്ത് രൂപരേഖ തയ്യാറാക്കുക.
6. കരട് അവതരിപ്പിച്ച് നിർദ്ദേശങ്ങൾ, തിരുത്തലുകൾ എല്ലാം ഉൾക്കൊള്ളിച്ചു.
7. പദ്ധതി രൂപരേഖ സ്കൂൾ മാനേജ്മെന്റ് വികസന സമിതി, പി.റ്റി.എ. തുടങ്ങിയവരുടെ മുന്നൊരു അവതരിപ്പിക്കൽ

| മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹി കം |
| 1. ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പിടിഎ ശക്തിപ്പെടുത്തുക |
| 2. ഗണിത ശേഷി വികസനം | കളിസ്ഥലം | വിദ്യാലയ വികസന സമിതി |
| 3. ശാസ്ത്ര ബോധന പരിപാടി | ചിൽഡ്രൻസ് പാർക്ക് | പൂർവ വിദ്യാർത്ഥി സംഘടനയുടെ യോഗം |
| 4. വായനാ പരിപോഷണം | മൾട്ടിമീഡിയ റൂം | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| 5. ലൈബ്രറി ശാസ്ത്രീകരണം | ലൈബ്രറി | സന്നദ്ധസംഘടനകൾ |
| 6. നാടകക്കളരി | കുടിവെള്ള വിതരണം | വിദ്യാഭ്യാസ പ്രവർത്തകർ |
| 7. ജൈവവൈവിധ്യ പാർക്ക് | മാലിന്യ സംസ്കരണം | പൂർവ്വ അധ്യാപകർ |
| 8. പഠനയാത്രകൾ | ടോയ്‌ലറ്റ് | സഹകരണ സ്ഥാപനങ്ങൾ |
| 9. സെമിനാറുകൾ | ജന്മദിനത്തിൽ ഒരു | വ്യവസായ ഗ്രൂപ്പുകൾ |
| 10. കലാകായികമേളകൾ | പുസ്തകം | എന്നിവയുടെ സേവനം |
| 11. ഐ.റ്റി. പരിശീലനം | എന്റെ വീട്ടിലും | പരിചയപ്പെടുത്തൽ |
| 12. അധ്യാപക ശാക്തീകരണ പരിപാടികൾ | കൃഷിത്തോട്ടം | ക്ലാസ് പിടിഎ മാതൃകാപ്രകാരമാക്കുന്നതിനുള്ള നടപടി |
| 13. പ്രവർത്തി പരിചയ പഠനം | മികവുകൾ പൊതുജനവുമായി പങ്കിടൽ | |
| 14. പച്ചക്കറിത്തോട്ടം | | വിദ്യാലയ മികവുകൾ പൊതുജനവുമായി പങ്കിടൽ |
| 15. രചനാ ശില്പശാല | | പഠനക്കൂട്ടം |
| 16. അഭിമുഖങ്ങൾ | | |
| 17. ദിനാചരണം | | |
| 18. ഗവേഷണാത്മക പ്രവർത്തനങ്ങൾ | | |

## സമഗ്ര ഗുണമേന്മവർഷം

- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്നതിനായി പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിയിലേക്കുള്ള തനത് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക.
- കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പാഠ പുസ്തകങ്ങളിലെ പഠന സന്ദർഭങ്ങളെ പ്രയോജനപ്പെടുത്തി കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പിന്തുണ നൽകുക.
- മാതൃഭാഷയ്ക്കൊപ്പം ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മികച്ച പഠനാനുഭവ പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഉറപ്പ് വരുത്തുന്നു.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയ നിശ്ചിത ഇടവേളകളിൽ നടക്കുന്ന മൂല്യനിർണയം പഠനനില കണ്ടെത്താൻ സഹായകമാകുന്ന രീതിയിലെന്ന് ഉറപ്പുവരുത്തുന്നു.
- പാരിസ്ഥിതിക അവബോധം, സാമൂഹികാവബോധം, മാലിന്യനിർമാർജ്ജനാവബോധം വിമർശനാവബോധം, ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രധാനം ചെയ്യുക.

## പ്രവർത്തനരീതി

**മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ:**

മയക്കുമരുന്ന്/ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു. സ്കൂൾ പരിസരം ലഹരിമുക്ത മേഖലയായി മാറ്റുന്നതിനായുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. ബോർഡുകൾ സ്ഥാപിക്കുന്നു.

**റോഡ് സുരക്ഷ:-**

വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിയമങ്ങളെ കുറിച്ചും അവബോധം നേടുക. റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനും, റോഡ് സുരക്ഷ മനോഭാവം കുട്ടികളിൽ വികസിപ്പിക്കുന്നതിനും ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക,

**വ്യക്തി ശുചിത്വം പരിസര ശുചിത്വം, ഹരിത ക്യാമ്പസ്:-**

ശുചിത്വത്തെകുറിച്ചും, സ്വയം ശുചിത്വത്തെക്കുറിച്ചുമുള്ള അവബോധം ഉണ്ടാവുക. വ്യക്തിശുചിത്വം ആരുടെയും ദൈനംദിന ജീവിതത്തിൽ അനിവാര്യമാണ്. അതിനെ പിന്തുടരേണ്ട ശുചിത്ത ശീലങ്ങൾ പാലിക്കുക, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക, വൃക്ഷത്തൈകൾ നട്ട് പരിസ്ഥിതിയെ സംരക്ഷിക്കുക, ഔഷധത്തോട്ടം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ ബോധവൽക്കരണം നടത്തുക.

**പൊതു ആരോഗ്യം**

ആരോഗ്യമുള്ള ശരീരത്തിന് ആരോഗ്യമുള്ള മനസ്സ്. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന ചർച്ചകൾ, സെമിനാറുകൾ, സുമ്പാ ഡാൻസ്, ലഘു വ്യായാമങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ വഴി വിദ്യാർത്ഥികളിലൂടെ നാടിന്റെ പൊതുജനാരോഗ്യ സംരക്ഷണം.

**ഡിജിറ്റൽ അച്ചടക്കം**

ഡിജിറ്റൽ ഉപകരണങ്ങളും സാമൂഹ്യ മാധ്യമങ്ങളും വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കാം എന്ന ധാരണ കൈവരിക്കുന്നു. ശാരീരിക മാനസിക ആരോഗ്യം സംരക്ഷിക്കുന്നതിനായി ഡിജിറ്റൽ അച്ചടക്കവുമായി ബന്ധപ്പെട്ട ധാരണ കുട്ടികളിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ.

**പൊതുമുതൽ സംരക്ഷണം**

പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് ബോധ്യപ്പെടുത്തുക. പൊതു ഇടങ്ങൾ, പൊതുമുതൽ എന്നിവയുടെ സംരക്ഷണം, പരിപാലനം, ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ,

**പരസ്പരസഹകരണം, വൈകാരികസുസ്ഥിതി, റാഗിംഗ്:-**

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ. കൗമാര കാലത്തെ വികാരങ്ങൾക്ക് അടിപ്പെട്ടു പോകാതെ സന്ദർഭാനുസരണം പെരുമാറാനുള്ള പരിശീലനം, റാഗിംഗ് നിയമ വ്യവസ്ഥ ലിംഗ പദവിയും അവസരതുല്യതയും സംബന്ധിച്ച് കാഴ്ചപ്പാട് വികസിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ.

**ജാഗ്രത സമിതി:-**

ഒരു വ്യക്തിയുടെ ജീവിതത്തിൽ ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഏറെ ശക്തമാകുന്നത് കൗമാര കാലഘട്ടത്തിലാണ്. വഴിതെറ്റിക്കൊണ്ടിരിക്കുന്ന കൗമാരം, അലങ്കോലപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബബന്ധങ്ങൾ, അനാരോഗ്യപരമായ അധ്യാപക വിദ്യാർത്ഥി ബന്ധം, കുട്ടികളിൽ സമൂഹത്തിന്റെ ശ്രദ്ധയില്ലായ്മ ഇവയെല്ലാം നമ്മുടെ സ്കൂളുകളെ അസ്വസ്ഥമാക്കുന്നു. അതിലുപരി വിദ്യാർത്ഥികളിൽ പെരുകിവരുന്ന ലഹരി ഉപയോഗം തടയേണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസ അവകാശ നിയമം വന്നതോടുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനും സൗഹൃദ പൂർണ്ണമായ വിദ്യാലയാന്തരീക്ഷത്തിനും കുട്ടികൾക്ക് അവകാശമുണ്ട്. അവ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്കും വിദ്യാലയ ജാഗ്രത സമിതി ഊന്നൽ നൽകുന്നു.

**ലക്ഷ്യം**

സ്നേഹം, സ്വാന്തനം, സഹായം എന്നീ മൂല്യങ്ങളിൽ അടിയുറച്ച പ്രവർത്തനം-കൗമാരക്കാരായ കുട്ടികൾക്ക് നേരെയുള്ള ശാരീരികവും മാനസികവും ലൈംഗികപരവുമായ ചൂഷണങ്ങളും പീഡനങ്ങളും തടയുന്നതിനും ഇതിനെതിരെ ശരിയായി

പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ പരിസരങ്ങളിൽ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരിമുക്ത ഗ്രാമമാക്കി മാറ്റുന്നതിനും

**പ്രവർത്തന ക്രമം**

പത്ത് പേരടങ്ങുന്ന ഒരു വിദ്യാലയ ജാഗ്രത സമിതി രൂപീകരിക്കുക, പരിശീലനം ലഭിച്ച ടീച്ചർ ജാഗ്രതാ സമിതി കൺവീനർ ആയിരിക്കും.

രണ്ട് പെൺകുട്ടികൾ, രണ്ട് ആൺകുട്ടികൾ ചേർന്ന് ക്ലാസ് ജാഗ്രത സമിതി, ക്ലാസ് ടീച്ചർ ചെയർമാൻ, ജാഗ്രതാ ക്യാപ്റ്റന്റെ നേതൃത്വത്തിൽ വിദ്യാലയ ജാഗ്രത പ്രവർത്തനങ്ങൾ.

**ഒരു പിടി നന്മ**

എസ്.എൻ. ട്രസ്റ്റ് ഹയർസെക്കൻഡറി സ്കൂൾ പരിസരങ്ങളിലെ പാവപ്പെട്ട ആശ്രിതർ ഇല്ലാത്ത വയോജനങ്ങൾക്ക് സഹായഹസ്തം എത്തിക്കുക, വിദ്യാർഥികളിൽ സഹാനുഭൂതിയും സഹകരണ മനോഭാവവും വളർത്തുക, സമൂഹത്തിൽ ഇത്തരത്തിലുള്ള വിഭാഗങ്ങളും ഉണ്ടെന്ന് തിരിച്ചറിയുന്നു. തന്റെയും തന്റെ ചുറ്റുപാടുകളുടെയും സാമൂഹിക സാമ്പത്തികതലം കുട്ടികൾ തിരിച്ചറിയുക, അവയോട് അനുതാപപൂർവ്വം പൊരുമാറുക.

സ്കൂളിലെ എല്ലാ കുട്ടികളും പങ്കെടുക്കുന്നു.

പ്രാദേശിക അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി പട്ടിക തയ്യാറാക്കുന്നു.

അർഹരായ ആൾക്കാരെ കണ്ടെത്തുവാൻ പ്രിൻസിപ്പൽ, എച്ച്. എം., ക്ലാസ് ടീച്ചർ, എം.പി,ടി.എ., പി.ടി.എ., മാനേജ്മെന്റ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കുന്നു.

ജെ.ആർ.സി., എൻ.സിസി. വിവിധ ക്ലബ്ബുകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നു.

**വിദ്യാലയം വീട്ടിലേക്ക്**

വിദ്യാർഥികളുടെ അക്കാദമിക ഗുണത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം കുട്ടികളുടെ സാമൂഹിക കുടുംബപശ്ചാത്തലം മനസ്സിലാക്കുന്നതിനായി ഭവന സന്ദർശനങ്ങൾ, ആസൂത്രണം ചെയ്തു നടപ്പാക്കുക. എല്ലാ കുട്ടികളുടെയും വീട് സന്ദർശനം. കുട്ടികളുടെ പഠന സ്വഭാവരൂപീകരണം പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷാകർത്താക്കൾക്ക് പരിശീലനം നൽകുക. അധ്യാപകർ നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നു

## ക്രിയാത്മക കൗമാരം കരുത്തും കരുതലും

കൗമാരം വികാസങ്ങളുടേയും വളർച്ചയുടേയും കാലമാണ്. ഒരേസമയം ഒതുങ്ങികൂടാനും കുതിച്ചുചാടാനും ശ്രമിക്കുന്ന കാലം. ആർക്കും പെട്ടെന്ന് പിടികിട്ടാത്ത യുക്തിബോധവും വിമർശനചിന്തയും പ്രശ്നപരിഹരണ രീതികളും കൊണ്ട് സ്വയം അടയാളപ്പെടുത്തുവാൻ ശ്രമിക്കുന്ന കാലം. സുരക്ഷിതവും പിന്തുണാപരവും, പ്രായത്തിന് ഇണങ്ങുന്നതുമായ ഒരു അന്തരീക്ഷം കൗമാരക്കാരുടെ അവകാശമാണ്.

### ലക്ഷ്യം

* കൗമാരകാലത്തെ ശാരീരിക-മാനസിക-വൈകാരിക സാമൂഹിക വികാസത്തെ കുറിച്ച് ധാരണ നേടുക

* വികാരങ്ങൾ ആരോഗ്യപരമായ രീതിയിൽ പ്രകടമാക്കുന്നതിന് കൗമാരക്കാരെ പ്രാപ്തരാക്കുക

* സ്വന്തം ശക്തി ദൗർലഭ്യങ്ങൾ തിരിച്ചറിഞ്ഞ് വെല്ലുവിളികളെ അതിജീവിക്കുവാനുള്ള ജീവിത നൈപുണികൾ സായത്തമാക്കുക.

* കൗമാരക്കാരുടെ ആശങ്കകളും ആവശ്യങ്ങളും മനസിലാക്കി ആരോഗ്യകരമായ ഇടപെടലുകൾ നടത്തി അവരുടെ സമഗ്രമായ വളർച്ചയിലേക്ക് എത്തിക്കുക.

### ടീൻസ് ക്ലബ് രൂപീകരണം

* 8, 9, 10 ക്ലാസുകളിലെ എല്ലാ കുട്ടികളേയും ചേർത്ത് ക്ലബ് രൂപീകരിക്കുന്നു.

* ഓരോ ക്ലാസിലും പ്രത്യേകമായി 9 കുട്ടികൾ അടങ്ങിയ ക്ലാസ് കൗൺസിൽ രൂപീകരിക്കുന്നു.

* ഓരോ ഡിവിഷനിലും ഒരു ടീച്ചർക്ക് ചുമതല

* ക്ലാസ് കൗൺസിൽ തിരഞ്ഞെടുത്ത പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ കൗൺസിൽ

* മൂന്നു മാസത്തിലൊരിക്കൽ സ്കൂൾ കൗൺസിൽ കൂടി പ്രവർത്തനങ്ങളും അനുഭവങ്ങളും പങ്ക് വയ്ക്കണം.

* കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനായി ഒരു നോഡൽ ടീച്ചർ

* ടീൻസ് ഡേ വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്നു.

മേഖല- ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം - കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (ആഗസ്റ്റ്-സെപ്റ്റംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ. അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ. അധ്യാപകർ |

**മേഖല - ഹൈസ്കൂൾ - മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | പി.ടി.എ.<br>അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുക.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം<br>(ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ<br>അധ്യാപകർ |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : അക്കാദമികം

വിഷയം : ഇംഗ്ലീഷ് ( എച്ച്. എസ്.)

**പൊതുവായ ലക്ഷ്യങ്ങൾ**

* തെറ്റ് കൂടാതെ എഴുതാനും വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും, അവയുടെ ഭാഷാനൈപുണ്യം വളർത്തുവാനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കൽ
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

**ലക്ഷ്യം**

* വായന പരിശീലനത്തിന് അധികം പ്രാധാന്യം നൽകുന്നു.
* ഉച്ചാരണം പരിചയപ്പെടുത്തുന്നു.
* കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു.
* നോട്ടീസ് തയ്യാറാക്കുക, ഡയറി എഴുതുക, കവിതയുടെ ആശയം തയ്യാറാക്കുക
* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷിവികസനം
* വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ

**പ്രവർത്തനം**

* ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കുന്നു.
* ഇംഗ്ലീഷ് അസംബ്ലി
* ഇംഗ്ലീഷിൽ ഡയറി എഴുത്ത്
* കഥ, കവിത രചനകൾ
* സ്കിറ്റ്, നാടകം, സംഭാഷണം
* ഇംഗ്ലീഷ് സിനിമ
* വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്

**ദിനാചരണങ്ങൾ**

ജൂൺ - 5 പരിസ്ഥിതി ദിനം (പോസ്റ്റർ)

ജൂൺ - 26 ലഹരി വിരുദ്ധ ദിനം

ആഗസ്റ്റ് - 15 സ്വാതന്ത്ര്യദിനം (ദേശഭക്തിഗാനം)

ഒക്ടോബർ - 2 ഗാന്ധിജയന്തി (ക്വിസ്)

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

മേഖല : അക്കാദമികം

വിഷയം : ഹിന്ദി ( എച്ച്. എസ്.)

പ്രശ്നം : ഭാഷാപഠനം സുഗമമാക്കൽ

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും, വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക.

* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

* ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തി എടുക്കുക.

## ലക്ഷ്യം

- രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു.
- മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.
- ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.
- पोस्टर (പോസ്റ്റർ) തയ്യാറാക്കുക, കവിത വായിച്ച് ആസ്വാദനകുറിപ്പ്, കഥയെ തിരക്കഥ ആക്കുക, ഡയറി എന്നിവ എഴുതുവാൻ പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

- പോസ്റ്ററിന്റെ മോഡൽ നൽകുന്നു, വിഷയം നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു.
- കവിതകൾ നൽകികൊണ്ട് ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു.
- അക്ഷരമാല പരിചയപ്പെടുത്തുന്നു. പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു.
- ഹിന്ദി അസംബ്ലി നടത്തുന്നു.
- സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ ചാർട്ടുകൾ നൽകുന്നു.
- പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.

## ദിനാചരണങ്ങൾ

१. जून - ५ पर्यावरण दिवस (पोस्टर रचना)

२. जून - २६ लोक नशा - निषिध दिवस (पोस्टर)

३. जुलाई - ३१ प्रेमचन्द जयन्दि (पेंसिल □ड्राइंग, लेखक के बारे में लिखना)

४. आगस्त - १५ स्वतन्त्रता दिवस (देसभक्ति गीत)

५. सितंबर - १४ हिन्दी दिवस (कविता रचना, पोस्टर चित्र चचना )

६. जनवरि २६ - गणतंत्र दिवस (ड्राइंग, पोस्टर)

| മേഖല - അക്കാദമികം | ഉപമേഖല - ഭൗതിക ശാസ്ത്രം, രസതന്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | പിന്തുണ |
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തി എടുക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ ചെയ്യുക<br>മോഡലുകളുടെ നിർമ്മാണം<br>പ്രശസ്ത ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ - കുറിപ്പ് | വർഷം മുഴുവൻ | സയൻസ് അദ്ധ്യാപിക | |
| 2. ശാസ്ത്രാവബോധം വായനാശീലം | ശാസ്ത്ര ദിനാചരണങ്ങൾ നടത്തുക<br>ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് വായനാമൂല തയ്യാറാക്കുക. | വർഷം മുഴുവൻ | സയൻസ് അദ്ധ്യാപിക | |
| 3. ശാസ്ത്രമേളകൾക്ക് പങ്കെടുക്കുക | ശാസ്ത്രമേളകൾക്ക് പങ്കെടുത്ത് കുട്ടികളിൽ ശാസ്ത്രമനോഭാവം ഉണ്ടാക്കുക.<br>സ്കൂൾതല മേളകൾ സംഘടിപ്പിക്കുക | വർഷം മുഴുവൻ | സയൻസ് അദ്ധ്യാപിക | |
| ഇൻസ്പെയർ അവാർഡ് | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

| മേഖല- അക്കാദമികം | ഉപമേഖല - ജീവ ശാസ്ത്രം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | പിന്തുണ |
| 1. പ്രകൃതിയെതിരിച്ചറിയുക കാർഷിക സംസ്കൃതി വീണ്ടെടുക്കൽ | വിദ്യാലയത്തിൽ തണൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുക, ഉള്ള സൗകര്യങ്ങളിൽ പച്ചക്കറിതോട്ടം, ഔഷധ സസ്യതോട്ടം, ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | സയൻസ് ക്ലബ്, ടീൻസ് ക്ലബ് |
| 2.മാലിന്യമുക്ത-ആരോഗ്യ - ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം, ശുചിത്വബോധവൽക്കരണം, പകർച്ച വ്യാധികൾക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗവുമായി ബന്ധപ്പെട്ട ക്ലാസ് | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | ക്ലബ്, MPTA |
| 3.ശാസ്ത്രപഠനം രസകരമാക്കുക താല്പര്യം വർദ്ധിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ, പോസ്റ്റർ, ശാസ്ത്ര പതിപ്പ് | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | ക്ലബുകൾ |
| 4.ശാസ്ത്രലാബ് സജ്ജീകരണം | വിവിധ ഉപകരണങ്ങൾ, മോഡലുകൾ, ചാർട്ടുകൾ എന്നിവ തയ്യാറാക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അദ്ധ്യാപകർ | SRG Mgt. |
| 5. ശാസ്ത്ര പഠനതിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (I C T) | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, അനിമേഷൻ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത്, സ്മാർട്ട് സംവിധാനങ്ങൾ ഉപയോഗിച്ച് പാഠാവതരണത്തിനും ആശയവിനിമയത്തിനുമായി ഉപയോഗിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ | SITC JSITC |
| | | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**മേഖല - എച്ച്.എസ്. ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, Maths Clinic | ജൂൺ ആദ്യവാരം | അദ്ധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത ശില്പ ശാലകൾ | തുടർപ്രവർത്തനം | അദ്ധ്യാപകർ | |
| 3.ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ആശയങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ | ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ | |
| 4. ഗണിതരൂപങ്ങൾ, അളവുകൾ, പരിചയപ്പെടൽ | ശില്പശാല, ക്ലബ് പ്രവർത്തനങ്ങൾ | അക്കാദമിക് വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ ഗണിത ക്ലബ് | |
| 5. സംഘബോധം | സംഘപഠനം | തുടർ പ്രവർത്തനം | അദ്ധ്യാപകർ | |
| 6. തുടർപഠനം അടിസ്ഥാനം ഉറപ്പിക്കൽ | വിഷയ സമിതിയുടെ പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാസൂത്രണം, കൂട്ടായ പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | അദ്ധ്യാപകർ | |
| 7. ഗണിതവിഷയത്തിൽ ഭാവന | ഗണിത അദ്ധ്യാപകരുടെ കൂട്ടായ്മ | അദ്ധ്യാപകരുടെ വിശ്രമ സമയം | ഗണിത അദ്ധ്യാപകർ | |
| 8. മേളകളിൽ ഊർജ്ജ സ്വലത കൈവരിക്കൽ | ഗണിതക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി, അദ്ധ്യാപകർ | |
| 9. ഗണിതലാബ് | ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്, ജൂൺ | ക്ലബ് സെക്രട്ടറി, അദ്ധ്യാപകർ | |
| 10.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | ക്ലാസ് പി.റ്റി.എ. | അദ്ധ്യാപകർ, HM | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26 HS Section

### സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. | കാടും മേടും ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | അക്കാദമിക് വർഷം മുഴുവൻ നടത്തുന്നു. | സാമൂഹിക ശാസ്ത്ര അദ്ധ്യാപകർ | കുട്ടികൾ സ്കൂൾ |
| ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | വയൽകിളികൾ : സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠനട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | നിശ്ചയിച്ച തീയതികളിൽ | | |
| ജനാധിപത്യം ഒരു ജീവിത ശൈലിയായിമാറ്റിയെടുക്കുക, പൗരബോധം, മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ : സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹിക ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസുകൾ |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക | സ്റ്റാർട്ടപ്പ് : സാമൂഹികശാസ്ത്രലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവൻ | സാമൂഹിക ശാസ്ത്ര അദ്ധ്യാപകർ | PTA |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മകപ്രവർത്തനങ്ങളിലൂടെ വളരുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ, പ്രൊജക്ട്, ചർച്ച, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക് വർഷം മുഴുവൻ | അദ്ധ്യാപകർ | |
| സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുക | ഭൂമിശാസ്ത്രപരമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, സംവാദം, പ്രശ്നോത്തരി, വീഡിയോ പ്രദർശനം, ചരിത്ര സിനിമ | അക്കാദമിക വർഷം മുഴുവൻ | അദ്ധ്യാപകർ | സ്കൂൾ കുട്ടികൾ |
| ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക, പൊതുവിജ്ഞാനം വളർത്തുക, വ്യത്യസ്ത മണ്ണിനങ്ങൾ, ജലാശയങ്ങൾ സമുദ്രങ്ങൾ, പർവ്വതങ്ങൾ പരിചയപ്പെടുത്തൽ | ചരിത്രകൊട്ടാരം : വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | അദ്ധ്യാപകർ | |

പേര് : ശുചിമുറി സമുച്ചയം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വബോധം വളർത്തുക | വൃത്തിയും വെടിപ്പുമുള്ള ശുചിമുറി നിർമ്മാണം | രണ്ടുവർഷം | മാനേജ്മെന്റ് പി. റ്റി. എ. | |

പേര് : ക്ലാസ്റൂം ലൈബ്രറി
മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ വായനാശീലം വളർത്തുക | ഓരോ ക്ലാസ്റൂമിലും 50 പുസ്തകങ്ങൾ അടങ്ങിയ ക്ലാസ്റൂം ലൈബ്രറി ഉണ്ടാക്കുക | ഒരുവർഷം | ക്ലാസ് ടീച്ചർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

1. സ്കൂൾ ആകർഷമാകുന്നതോടുകൂടി വിദ്യാർത്ഥികളുടെ പ്രവേശന വർദ്ധനവ് ഉണ്ടാകുന്നു.
2. വിദ്യാലയത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃത പഠനാന്തരീക്ഷം ഉണ്ടാകുന്നു.
3. സ്കൂൾ - സമൂഹ പങ്കാളിത്വം വർദ്ധിക്കുന്നു.
4. പരിസ്ഥിതി സൗഹാർദ്ദ വിദ്യാലയ രൂപീകരണം.
5. മൂല്യബോധമുള്ള മതേതര കാഴ്ചപ്പാടുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള സമൂഹ സൃഷ്ടി
6. വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിക്കുന്നു.
7. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാഭ്യാസം മാറുന്നു.

## മോണറ്ററിംഗ്

1. ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം
2. സമൂഹ മോണിറ്ററിംഗ് സംവിധാനം
3. ദൈനംദിന മോണിറ്ററിംഗ്

## ഉപസംഹാരം

ആധുനിക ലോകത്ത് ആഗോളവത്കരണ-ഉദാരവത്കരണ നയങ്ങൾ പൊതുമേഖലകളെ അവഗണിക്കുകയും അപ്രസക്തമാക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായി അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസ മാർഗ്ഗരേഖ വിദ്യാഭ്യാസരംഗത്ത് വിപ്ലവം സൃഷ്ടിക്കും. കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംഭരിച്ചുകൊണ്ട് മൂല്യബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുക എന്ന ആശയത്തിൽ അധിഷ്ഠിതമായ പൊതുവിദ്യാഭ്യാസ സംരംഭങ്ങളും വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണത്തിന് സ്ഥായിയായ ബദലുകൾ സൃഷ്ടിക്കും. പൊതുവിദ്യാഭ്യാസരംഗത്ത് തലയുയർത്തി നിൽക്കുന്ന നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മൂല്യങ്ങളും സംരക്ഷിച്ചുകൊണ്ട് കൂടുതൽ നവീനമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ ഈ വികസനരേഖ ഉപകരിക്കുമെന്ന വിശ്വാസത്തോടെ ഈ അക്കാദമിക് മാർഗ്ഗരേഖ പൊതുസമൂഹത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.